**പതിനാലാം കേരളനിയമസഭ**

**പതിനേഴാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 172** | **02.03.2020-ൽ മറുപടി നൽകേണ്ടിയിരുന്നത്** |
|---|---|

**വ്യാജ പോക്സോ പരാതികൾ തടയാൻ നടപടി**

| | **ചോദ്യം**<br>**ശ്രീ.മോൻസ് ജോസഫ്**<br>**ശ്രീ. പി.ജെ.ജോസഫ്**<br>**ശ്രീ. സി.എഫ്.തോമസ്** | | **മറുപടി**<br>**പിണറായി വിജയൻ**<br>**മുഖ്യമന്ത്രി** |
|---|---|---|---|
| (എ) | പോക്സോ നിയമം വ്യക്തിപരമായ വിദ്വേഷം തീർക്കുന്നതിനായി ഉപയോഗിക്കുന്ന പ്രവണത സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | ഇത്തരത്തിലുള്ള ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രാഥമികാന്വേഷണത്തിനുശേഷം മാത്രമേ നിയമനടപടിയിലേക്ക് പോകാവുവെന്ന് ചൈൽഡ് ലൈൻ പ്രവർത്തകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | ഇല്ല |
| (സി) | മൊഴിയെടുക്കുന്നതിന്റെയും തെളിവെടുപ്പിന്റെയും പേരിൽ കുട്ടികളെ ബുദ്ധിമുട്ടിക്കരുത് എന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (സി) | മൊഴിയെടുക്കുന്നതിന്റെയും തെളിവെടുപ്പിന്റെയും പേരിൽ കുട്ടികൾക്ക് ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നം.18/16 തീയതി 29.06.2016, 21/17 തീയതി 25.08.2017, 24/17 തീയതി 03.10.2017 എന്നീ സർക്കുലറുകൾ പ്രകാരവും, നം.30/18 ലെ എക്സിക്യൂട്ടീവ് ഡയറക്ടീവ് പ്രകാരവും സംസ്ഥാന പോലീസ് മേധാവി പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | വിവാഹമോചനക്കേസുകളിലും കുടുംബ വഴക്കുകളിലും കുട്ടികളെ കരുവാക്കുന്നു എന്ന ആക്ഷേപത്തെക്കുറിച്ച് സർക്കാർ വിശദമായ അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) | അപ്രകാരമുള്ള പരാതികൾ ലഭിച്ചാൽ ഇക്കാര്യം അന്വേഷിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ